**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.2.** **30.11.2015 ൽ മറുപടിയ്ക്ക്.**

## ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെൻഷൻ

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ<br>,, പി.കെ.ബഷീർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, റ്റി.എ. അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന സുപ്രീംകോടതിയുടെ റോഡ് സുരക്ഷാ സമിതി യോഗ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത തീരുമാനം നടപ്പാക്കാൻ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കുവാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ഇരുചക്രവാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കുക എന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗിക വശവും കണക്കിലെടുത്ത് 1989 ലെ കേരള മോട്ടോർ വാഹന ചട്ടത്തിൽ ചട്ടം |

| | | | |
|---|---|---|---|
| | | | 347(എ) ഉൾപ്പെടുത്തിക്കൊണ്ട് ഇരുചക്ര വാഹനത്തിന്റെ പുറകിലിരുന്ന് യാത്ര ചെയ്യുന്ന ആൾ ഹെൽമറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ആരാഞ്ഞതിനു ശേഷമാണ് ഈ ഇളവ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഈ ഭേദഗതിയെ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ചട്ടം 347 (എ) ഉൾപ്പെടുത്തിക്കൊണ്ട് ഇരുചക്രവാഹനങ്ങളിൽ പിൻസീറ്റ് യാത്രക്കാരെ ഹെൽമറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടും ഈ കേസിൽ എതിർസത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | റോഡപകടങ്ങൾക്കു കാരണമാവുന്ന മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുള്ള ഡ്രൈവിംഗ്, തുടങ്ങിയ ട്രാഫിക് നിയമ ലംഘനങ്ങളുടെ കാര്യത്തിൽ, ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോഴും, പുതുക്കുമ്പോഴും കർശന | (സി) | റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങളുടെ കാര്യത്തിൽ നിലവിലെ മോട്ടോർ വാഹന നിയമ പ്രകാരം |

| | | | |
|---|---|---|---|
| | പരിശോധനകളും,ബോധവത്ക്കരണവും നടത്തുകയും, അതിനുശേഷമുള്ള ലംഘനങ്ങൾ ഗൗരവപൂർവ്വം കണ്ട് കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ? | | കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പായി ഗതാഗത നിയമങ്ങൾ സംബന്ധിച്ച പരിശീലന ക്ലാസുകൾ നൽകി വരുന്നുണ്ട്. സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും കൗൺസലിംഗ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.